**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5273** **21-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലാ കാസർകോട് ക്യാംപസിലെ ബഹുഭാഷാ പഠന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ചാലയിലെ കണ്ണൂർ സർവകലാശാല ക്യാംപസിൽ ബഹുഭാഷാ പഠന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ സർവ്വകലാശാലയുടെ കാസർഗോഡ് ക്യാമ്പസ്സിൽ ബഹുഭാഷാ പഠനകേന്ദ്രം (Linguistic Diversity Study Centre) സ്ഥാപിച്ച് കാസർഗോഡ് ജില്ലയിലെ ഭാഷാ വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതിനും മറ്റുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (ബി) | ഈ പഠന കേന്ദ്രം തുടങ്ങിയതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (ബി) | 14.02.2023 തീയ്യതിയിലെ സർവ്വകലാശാലാ ഉത്തരവനുസരിച്ചാണ് ഈ കേന്ദ്രം പ്രവർത്തനമാരംഭിച്ചത് . |
| (സി) | രാജ്യത്ത് മറ്റേതെങ്കിലും സർവകലാശാലയുടെ കീഴിൽ ബഹുഭാഷാ പഠന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാണോ; വ്യക്തമാക്കാമോ; | (സി) | **കേരള സർവകലാശാല** സ്കൂൾ ഓഫ് ഇംഗ്ലീഷ് ആൻറ് ഫോറിൻ ലാഗ്വേജിന്റെ കീഴിൽ അറബിക്, ഇംഗ്ലീഷ്, ജർമ്മൻ, റഷ്യൻ തുടങ്ങിയ വിദേശ ഭാഷകൾക്കായി പഠന ഗവേഷണ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്കൂൾ ഓഫ് ഇന്ത്യൻ ലാഗ്വേജിന്റെ കീഴിൽ ലിഗ്വിസ്റ്റിക്സ്, ഹിന്ദി, മലയാളം, സംസ്കൃതം, തമിഴ് തുടങ്ങിയ ഭാഷകൾക്കായും പഠന ഗവേഷണ വിഭാഗങ്ങൾ നിലവിലുണ്ട്.<br><br>**മഹാത്മാഗാന്ധി സർവകലാശാല**യുടെ പഠനവകുപ്പായ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിൽ മലയാളവും ഇംഗ്ലീഷും അടങ്ങുന്ന വിഷയങ്ങൾ പഠിപ്പിക്കുന്നുണ്ട്.<br><br>**കാലിക്കറ്റ് സർവകലാശാല**യിലെ റഷ്യൻ ആൻഡ് കംപാരറ്റീവ് ലിറ്ററേച്ചർ പഠന വകുപ്പിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും, ഇന്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും റഷ്യൻ ലാംഗ്വേജ്, കോർ കോഴ്സ് ആയും എലെക്റ്റിവ് കോഴ്സ് ആയും തിരഞ്ഞെടുക്കാൻ അവസരമുണ്ട്. കൂടാതെ റഷ്യൻ ആൻഡ് കംപാരറ്റീവ് ലിറ്ററേച്ചർ പഠന വകുപ്പിൽ ജർമൻ, ഫ്രഞ്ച്, റഷ്യൻ ഭാഷകളിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളും നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | **കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**യിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ജാപ്പനീസ്, ജർമ്മൻ എന്നീ ഭാഷകളിൽ കോഴ്സുകൾ നടത്തുന്ന ഇംഗ്ലീഷ് ആൻഡ് വിദേശ ഭാഷാ പഠന വകുപ്പ് നിലവിലുണ്ട്.<br><br>**തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല**യിൽ കേരള ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിലുള്ള കേരള ലാംഗ്വേജ് നെറ്റ് വർക്ക് (കെ.എൽ.എൻ) എന്ന ബഹുഭാഷാ പഠനകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കേരളാ ലാംഗ്വേജ് നെറ്റ് വർക്കിന്റെ (KLN) പൊന്നാനി ഉപകേന്ദ്രത്തിൽ അറബി, ജർമ്മൻ, ഇംഗ്ളീഷ് എന്നീ ഭാഷകൾ പഠിക്കാൻ സൗകര്യമുണ്ട്. KLN ന്റെ കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്.<br><br>**ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**യിൽ Centre for Comparative Literature, Centre for Translation Studies എന്നീ രണ്ട് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | നിലവിൽ പ്രസ്തുത ബഹുഭാഷാ പഠനകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ; | (ഡി) | ബഹുഭാഷാ പഠന കേന്ദ്രത്തിന്റെ പ്രവർത്തനം നിർത്തിവച്ചിട്ടില്ല . |
| (ഇ) | ഈ പഠനകേന്ദ്രത്തിന്റെ നടത്തിപ്പ് ആരെയാണ് ഏൽപ്പിച്ചതെന്നും അവരുടെ കീഴിൽ എത്ര സ്റ്റാഫുണ്ടെന്നും വ്യക്തമാക്കാമോ; ഇവർക്ക് ഇതുവരെ നൽകിയ ശമ്പളം എത്രയാണെന്നും വ്യക്തമാക്കാമോ; | (ഇ) | ഈ പഠന കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതലയുള്ള ഓണററി ഡയറക്ടറായി റിട്ടയേർഡ് പ്രൊഫ. (ഡോ.) എ.എം.ശ്രീധരനെയാണ് ചുമതലയേൽപ്പിച്ചത് (നിലവിൽ കാലാവധി പൂർത്തിയായിട്ടുണ്ട് ). ഓണററി ഡയറക്ടറുടെ കീഴിൽ പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടില്ല . കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങളിലേക്ക് ആവശ്യമായതും കേന്ദ്രത്തിന്റെ അക്കാദമിക ലക്ഷ്യങ്ങളോട് ചേർന്ന് നിൽക്കുന്നതുമായ വിദഗ്ധരെ ഓണററി ഡയറക്ടർ തന്നെ കണ്ടെത്തി അവരുടെ സഹായത്തോടെ ഫീൽഡ് വർക്ക് , വർക്ക് ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുകയും ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചിലവുകൾക്കുള്ള ബില്ലുകളും മറ്റനുബന്ധ രേഖകളും സർവ്വകലാശാലയിൽ സമർപ്പിക്കുന്ന മുറയ്ക്ക് സർവ്വകലാശാലാ പരിശോധിക്കുകയും പണമനുവദിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.<br><br>കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിട്ടുള്ള ഓണററി ഡയറക്ടർ ഉൾപ്പെടെയുള്ളവർക്ക് യാത്രാബത്ത, ദിനബത്ത, |

| | | | |
|---|---|---|---|
| | | | മറ്റ് അടിയന്തിര ചെലവുകൾ എന്നിവയും സർവ്വകലാശാല അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കൂടാതെ വിവിധ ഭാഷാ നിഘണ്ടുക്കൾ തയ്യാറാക്കുന്നതിനും കാസർകോട് ജില്ലയുടെ ആചാരാനുഷ്ഠാന സംബന്ധമായ അറിവുകൾ, മുത്തശ്ശിക്കഥകൾ മുതലായവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനും മറ്റും വേണ്ടി മൂന്നുലക്ഷം രൂപ മുൻകൂറായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | നാളിതുവരെ പ്രസ്തുത പഠന കേന്ദ്രത്തിന് കണ്ണൂർ സർവകലാശാല എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പഠന കേന്ദ്രം സമർപ്പിച്ച എതെങ്കിലും പദ്ധതിക്ക് പണം അനുവദിക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എഫ്) | കണ്ണൂർ സർവ്വകലാശാലാ കാസർഗോഡ് ക്യാമ്പസ്സിലെ ബഹുഭാഷാ പഠന കേന്ദ്രത്തിന് നാളിതുവരെ 4,73,201/- രൂപ (നാല് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഇരുന്നൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബില്ലുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. |
| (ജി) | രാജ്യത്ത് ഒരു സർവകലാശാലയുടെ കീഴിൽ നടത്തുന്ന ഏക ബഹുഭാഷാ പഠന കേന്ദ്രമായ പ്രസ്തുത സ്ഥാപനം നിലനിർത്താനും സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ജി) | ബഹുഭാഷാ പഠന കേന്ദ്രത്തിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാസറഗോഡ് ജില്ലയുടെ ഭാഷാ വൈവിധ്യങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശിക സംസ്കൃതിയുടെ നേർസാക്ഷ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളും കലാ സാംസ്കാരിക സമ്പത്തും വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും പുതിയ കാലഘട്ടത്തിൽ ഉപയുക്തമാകുന്ന തരത്തിൽ വീണ്ടെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ